പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2755 — 10.07.2015 ലെ മറുപടിയ്ക്ക്

## കാർഷിക ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, ഇഞ്ചി, മഞ്ഞൾ, മരിച്ചീനി, കൊക്കോ, നിലക്കടല, കാപ്പി, തേയില, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും, വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് പദ്ധതിയുടെ സംരക്ഷണം ലഭിക്കുക.<br><br>പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദനനഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി |

പ്രകാരം, വിളകൾക്ക ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. 2015-16 വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

| | | |
|---|---|---|
| **(ബി)** ഈ പദ്ധതികളിലൂടെ കഴിഞ്ഞ 4 വർഷം എത്ര കർഷകർക്ക് സാമ്പത്തിക സഹായം ലഭിച്ചു; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | **(ബി) & (സി)** | ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **(സി)** എത്ര രൂപയുടെ സാമ്പത്തിക സഹായം കഴിഞ്ഞ നാലു വർഷം ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി | | ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി | | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി | |
|---|---|---|---|---|---|---|---|
| | | കർഷകരുടെ എണ്ണം | സഹായ തുക | കർഷകരുടെ എണ്ണം | സഹായ തുക | കർഷകരുടെ എണ്ണം | സഹായ തുക |
| 1. | തിരുവനന്തപുരം | 960 | 1921670/- | - | - | 37 | 86942/- |
| 2. | കൊല്ലം | 827 | 4553660/- | - | - | 64 | 46532/- |
| 3. | പത്തനംതിട്ട | 1477 | 7133046/- | - | - | - | - |
| 4. | ആലപ്പുഴ | 7316 | 75688417/- | 11984 | 59666257/- | - | - |
| 5. | കോട്ടയം | 1989 | 16015702/- | 381 | 2932822/- | 1 | 280/- |
| 6. | ഇടുക്കി | 136 | 567635/- | - | - | 1197 | 1706710/- |
| 7. | എറണാകുളം | 116 | 429835/- | - | - | 4 | 16965/- |
| 8. | തൃശ്ശൂർ | 798 | 11371954/- | 60 | 593141/- | 2250 | 8387243/- |
| 9. | പാലക്കാട് | 1829 | 79743821/- | 3747 | 36929534/- | 52900 | 87188800/- |
| 10. | മലപ്പുറം | 509 | 2766150/- | 1 | 2388/- | 286 | 495854/- |
| 11. | കോഴിക്കോട് | 153 | 1021090/- | 313 | 147513/- | 186 | 4997631/- |
| 12. | വയനാട് | 935 | 8555990/- | - | - | 3327 | 6121687/- |
| 13. | കണ്ണൂർ | 500 | 277086/- | 1 | 19726/- | 3021 | 6697168/- |
| 14. | കാസർഗോഡ് | 18 | 59760/- | 1 | 558/- | 5740 | 25505249/- |

**സെക്ഷൻ ഓഫീസർ**